# Desabhimani

# 27 August 2018

# Kochi, Flood Victims, Counselling



## പ്രളയബാധിതർക്ക് കൗൺസലിങ് നൽകുന്നു

**കൊച്ചി**

പ്രളയബാധിതരുടെ സങ്കടങ്ങൾ ചോദിച്ചറിയാനും അവരെ കൗൺസലിങ് നടത്താനും തയ്യാറുള്ള സന്നദ്ധ പ്രവർത്തകർക്ക് മൈത്രി പരിശീലനം നൽകി. നോർത്ത് വിമലാലയ കോൺവെന്റിൽ മനോരോഗ വിദഗ്ധൻ സി ജെ ജോണിന്റെ നേതൃത്വത്തിൽ നടന്ന പരിശീലനത്തിൽ നൂറിൽപരം സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

പ്രളയത്തിന് ഇരയായി സർവവും നഷ്ടപ്പെട്ടവരോട് ചോദിക്കാവുന്നതും ചോദിക്കരുതാത്തതുമായ കാര്യങ്ങൾ ഇവരെ പറഞ്ഞു മനസിലാക്കി. മൈത്രിയുടെ അംഗങ്ങൾക്കൊപ്പം ചെറു സംഘങ്ങളായിട്ടാവും ഇവർ ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിക്കുക. ചെറിയ ചെറിയ ചോദ്യങ്ങൾ ചോദിച്ച് അവരുടെ വിഷമങ്ങൾ അവരെക്കൊണ്ടുതന്നെ പറയിപ്പിക്കും. വീട്ടിലെ അംഗങ്ങൾക്ക് പൊതുവായി നൽകുന്ന കൗൺസലിങ് കൂടാതെ ആവശ്യമുണ്ടെങ്കിൽ വ്യക്തിപരമായും കൗൺസലിങ് നൽകും. തുടർ നിരീക്ഷണങ്ങളും മൈത്രിയുടെ പദ്ധതിയിൽ ഉണ്ട്.